**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3002** **25-06-2024 - ൽ മറുപടിയ്ക്ക്**

**ജലസ്ത്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എ. രാജ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മഴക്കാലത്ത് ലഭ്യമാകുന്ന ജലത്തെ സംരക്ഷിച്ചും ജലസ്ത്രോതസ്സുകളുടെ സംഭരണശേഷി വർദ്ധിപ്പിച്ചും ജലത്തിന്റെ ശാസ്ത്രീയമായ വിനിയോഗത്തിനായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ മഴക്കാലത്ത് ലഭ്യമാകുന്ന ജലം പരമാവധി സംരക്ഷിച്ചുവരികയും ഡാമുകൾ/ തടയണകൾ/ റെഗുലേറ്ററുകൾ എന്നിവയ്ക്കു സമീപം അടിഞ്ഞുകൂടിയ ചളി/എക്കൽ/ മണൽ/ മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്തുവരുന്നു. "സംയോജിത നീർത്തടപ്ലാനുകളിൽ" നിർദ്ദേശിച്ചിട്ടുള്ള പരമ്പരാഗത ജലസ്രോതസ്സുകളായ കുളങ്ങൾ/തോടുകൾ എന്നിവ "റിഡ്ജ്- ടു-വാലി" സമീപന ത്തോടെ പുന:രുദ്ധരിച്ച് സംഭരണശേഷി കൂട്ടി ജലസേചന സൗകര്യവും ഭൂജലപോഷണവും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിച്ച് ചെറു തടയണകൾ നിർമ്മിക്കുക, വലിയ തോടുകളിൽ ചരിവ് കണക്കാക്കി അടുത്തടുത്തായി തടയണകൾ നിർമ്മിക്കുക, കയർഭൂവസ്ത്രം ഉപയോഗിച്ച് ബണ്ടുകൾ ബലപ്പെടുത്തി പുല്ലുവച്ച് പിടിപ്പിച്ച് മണ്ണൊലിപ്പ് തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ മുഖേന ജലസംരക്ഷണം വർദ്ധിപ്പിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടു കൂടി സന്നദ്ധ പ്രവർത്തന സ്വഭാവത്തിലും ജലസ്രോതസ്സുകൾ പരിപാലിച്ചു വരുന്നു. "ഇനി ഞാനൊഴുകട്ടെ" എന്ന പദ്ധതി ഇതിനുദാഹരണമാണ്.<br><br>ജലവിഭവ ഉപയോഗ കാര്യക്ഷമത (Water Use Efficiency) വർദ്ധിപ്പിക്കുന്ന തിന് ശ്രീ. കെ എം മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതു വഴി ജലം |

| | | | |
|---|---|---|---|
| | | | പാഴാകുന്നത് നിയന്ത്രിക്കാനും കൂടുതൽ സ്ഥലത്ത് ജലലഭ്യത ഉറപ്പുവരുത്തുവാനും കഴിയും.<br><br>കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പദ്ധതികളുടെ ഭാഗമായി വരുന്ന ജലസ്രോതസ്സുകളിലെ കിണറുകൾ, ഗാലറികൾ എന്നിവയിലെ ചെളിയും, മണലും നീക്കം ചെയ്യുന്ന പ്രവൃത്തി നടപ്പാക്കി ജലസ്രോതസ്സുകളിൽ മതിയായ ജലലഭ്യത ഉറപ്പാക്കുന്നു. വരൾച്ച മാസങ്ങളിൽപുഴകളിലെ/നദികളിലെ ജലം വലിയ തോതിൽ സമുദ്രത്തിലേക്ക് ഒഴുകി പോകാതിരിക്കുന്നതിനും സമുദ്ര ജലം നദിയുടെ ഉയർന്ന പ്രദേശങ്ങളിലേക്ക് എത്തിച്ചേരുന്നത് തടയുന്നതിനും നദികൾക്ക് കുറുകെ താത്കാലിക ബണ്ടുകളും സ്ഥിര തടയണകളും നിർമ്മിക്കാറുണ്ട്. അതുകാരണം നദികളിലെ ജല നിരപ്പ് ഉയരുകയും ജല സ്രോതസ്സുകളുടെ സംഭരണ ശേഷി ചെറിയ ഒരളവ് വരെ വർദ്ധിക്കുകയും ചെയ്യുന്നുണ്ട് .<br><br>ഭൂജലം സംരക്ഷിക്കുന്നതിന്റെ ഭാഗമായി 'ഭൂജല സംരക്ഷണവും , സംപോഷണവും' എന്ന പ്ലാൻ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കി വരുന്നു. മേൽക്കൂര വഴിയുള്ള മഴവെള്ള കൊയ്ത്തിലൂടെ തുറന്ന കിണർ / മഴക്കുഴികൾ/ കുഴൽ കിണർ എന്നിവയിലൂടെയുള്ള ഭൂജല സംപോഷണം , ചെറിയ തടയണയുടെ നിർമ്മാണം , ചെറിയ കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികൾ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 2016 -17 മുതൽ 2023 -24 വരെ 1051 ഭൂജല സംപോഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ടും മറ്റു വകുപ്പുകളുടെ ഏകോപനം സാധ്യമാക്കി ക്കൊണ്ടും 32757 കി.മി. നീളത്തിൽ നീർച്ചാലുകളും 3350 കുളങ്ങളും പുനരുജ്ജീവിപ്പിച്ച് ജലസംഭരണം സാധ്യമാക്കാനും അതോടൊപ്പം നീർച്ചാലുകളിൽ മഴക്കാല നീരൊഴുക്ക് സുഗമമാക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ 4982 കുളങ്ങളും 17179 കിണറുകളും നിർമ്മിക്കുകയും 8576 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തു കയും നീർച്ചാലുകളിൽ 538 സ്ഥിരം തടയണകളും 59743 താൽക്കാലിക തടയണകളും നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജലവിഭവ ഉപയോഗ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും മൈക്രോ ഇറിഗേഷൻ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | കാർഷിക വിളകളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനും നാണ്യ വിളകളുടെ പ്രോത്സാഹനത്തിനും ലഭ്യമായ ജലം കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും ജല നഷ്ടം കുറക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ വളരെ അധികം ഊന്നൽ നൽകുന്ന പദ്ധതിയാണ് ശ്രീ. കെ എം മാണി ഊർജ്ജിത കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ പടിയായി ജലസേചന വകുപ്പും കൃഷി വകുപ്പും സംയോജിതമായി, വിവിധ ഘടകങ്ങളെ ആസ്പദമാക്കി കണ്ടെത്തിയ 21 പ്രവൃത്തികളിൽ വിശദമായ മൂല്യനിർണ്ണയത്തിന് ശേഷം 15 പ്രവൃത്തികൾ തെരഞ്ഞെടുത്തു. അതിൽ 5 എണ്ണം പൈലറ്റ് പദ്ധതികളായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>നിലവിൽ പാലക്കാട് ജില്ലയിലും വയനാട് ജില്ലയിലുമായി 6 കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ KIIDC മുഖാന്തിരം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇടുക്കി കോഴിക്കോട് എറണാകുളം തൃശ്ശൂർ ജില്ലകളിലായി 8 പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ വയനാട് ജില്ലയിലെ ദാസനക്കര മൈക്രോ ഇറിഗേഷൻ പദ്ധതി കൂടാതെ വയനാട് ജില്ലയിലെ തന്നെ നാലു ഫേസുകളിലായി നിർവഹിക്കുന്ന വാഴവറ്റ മൈക്രോ ഇറിഗേഷൻ പദ്ധതി, കോട്ടയം ജില്ലയിലെ കുറവിലങ്ങാട് മൈക്രോ ഇറിഗേഷൻ പദ്ധതി എന്നിവയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>ഹരിതകേരളം മിഷൻ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി മൂന്നാറിലെയും സമീപ പ്രദേശങ്ങളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ ഇന്ത്യ ഹൈറേഞ്ച് മൗണ്ടൻ ലാൻഡ് സ്കേപ്പ് പ്രോജക്ടിന്റെ തുടർച്ചയായി ഇടുക്കി ജില്ലയിലെ കരിമ്പ് കർഷകരെ സഹായിക്കുന്നതിനും അവിടെ മെച്ചപ്പെട്ട മൈക്രോ ഇറിഗേഷൻ സംവിധാനം ഒരുക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | മഴക്കുഴികൾ വ്യാപകമാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുമോ; വിശദമാക്കുമോ? | (സി) | ഭൂജല സംരക്ഷണം, സംപോഷണം, വിനിയോഗം തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണ സെമിനാറുകൾ' 'ഭൂജലത്തിന്റെ നിയന്ത്രണവും, ക്രമീകര ണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തു സംഘടിപ്പിച്ചു വരുന്നു. ഓരോ ജില്ലയിലും 5 വീതം സെമിനാറുകൾ സംഘടിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ